## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 541 27/02/2018-ൽ മറുപടിക്ക്

## കെ.എസ്.ഇ.ബി. വാങ്ങുന്ന ട്രാൻസ്ഫോർമറുകൾ

| | ചോദ്യം<br><br>**ശ്രീ.പി.സി.ജോർജ്** | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | 2011 ജൂൺ മാസം മുതൽ 2018 ജനുവരി 31 വരെയുള്ള കാലഘട്ടത്തിൽ ട്രാൻസ്ഫോർമർ പൊട്ടിത്തെറിച്ചതുമൂലവും മറ്റും എത്ര ആൾക്കാർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്; ഇതിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാർ എത്ര; മറ്റുള്ള ആൾക്കാർ എത്ര; ഇതുമൂലം കെ.എസ്.ഇ.ബി.യ്ക്ക് ഉണ്ടായ നഷ്ടം ഇനം തിരിച്ച് വ്യക്തമാക്കുമോ; ഏതു സ്ഥലത്താണ് അപകടമെന്നും ആളുകളുടെ പേരും മറ്റും വിശദമായി വെളിപ്പെടുത്തുമോ; | (എ) | 2011 ജൂൺ മാസം മുതൽ 2018 ജനുവരി 31 വരെയുള്ള കാലഘട്ടത്തിൽ ട്രാൻസ്ഫോർമർ പൊട്ടിത്തെറിച്ചതുമൂലവും മറ്റും ആർക്കും തന്നെ ജീവഹാനി സംഭവിച്ചിട്ടില്ല. ആയതു കൊണ്ട് ഇതുമൂലം നഷ്ടപരിഹാര ഇനത്തിൽ യാതൊരു തുകയും ചെലവായിട്ടില്ല. |
| (ബി) | കെ.എസ്.ഇ.ബി. ലിമിറ്റഡ് വിവിധ ട്രാൻസ്ഫോർമറുകൾ വാങ്ങുന്നത് പൊതുമേഖലാസ്ഥാപനമായ കെ.ഇ. എൽ -ൽ നിന്നുമാണോ; വ്യക്തമാക്കുമോ; വേറെ എതൊക്കെ സ്ഥാപനങ്ങളിൽ നിന്നാണ് ട്രാൻസ്ഫോർമർ വാങ്ങുന്നത്; വിശദമാക്കുമോ; | (ബി) | കെ.ഇ.എൽ., കൊച്ചി, യൂണിപവർ സിസ്റ്റംസ്, കോട്ടയം, ട്രാൻസ്ഫോൺ ഇൻഡസ്ട്രീസ്, ഹൈദരബാദ് എന്നീ സ്ഥാപനങ്ങളിൽ നിന്നുമാണ് ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകൾ വാങ്ങിയിട്ടുള്ളത്. കെ.ഇ.എൽ., കൊച്ചി, ഇ.സി.ഇ ഇൻഡസ്ട്രീസ് ലിമിറ്റഡ്, ഹൈദരബാദ്, അറ്റ് ലാന്റാ ഇലക്ട്രിക്കൽസ് പ്രവറ്റ് ലിമിറ്റഡ്, ഗുജറാത്ത്, ടെൽക്, അങ്കമാലി, ബി.എച്ച്.ഇ..എൽ, ത്സാൻസി, വോൾട്ടാസ് ട്രാൻസ്ഫോർമേഴ്സ് ലിമിറ്റഡ്, ബറോഡ, റിമാ ട്രാൻസ്ഫോർമേഴ്സ് & കൺടക്ടേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, ബാംഗ്ലൂർ, ഇൻഡോടെക് ട്രാൻസ്ഫോർമേഴ്സ് ലിമിറ്റഡ്, ചെന്നൈ എന്നീ സ്ഥാപനങ്ങളിൽ നിന്നുമാണ് പവർ ട്രാൻസ്ഫോർമറുകൾ വാങ്ങിയിട്ടുള്ളത്.<br>മത്സര സ്വഭാവമുള്ള ദർഘാസുകൾ മുഖേനയാണ് മേല്പറഞ്ഞ ട്രാൻസ്ഫോർമറുകൾ വാങ്ങിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത സ്ഥാപനം സ്വന്തമായി ട്രാൻസ്ഫോർമർ നിർമ്മിക്കാതെ മറ്റ് പല കമ്പനികളിൽ നിന്നും വാങ്ങിയാണ് കെ.എസ്.ഇ.ബി. ലിമിറ്റഡിന് ട്രാൻസ്ഫോർമറുകൾ നൽകുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | | കെ.എസ്.ഇ.ബി.എൽ-ന്റെ ടെൻഡർ വ്യവസ്ഥകൾ അനുസരിച്ച് ട്രാൻസ്ഫോർമറുകൾ വാങ്ങാറുള്ളൂ. |
| (ഡി) | കെ.എസ്.ഇ.ബി. ലിമിറ്റഡ് ഗുണനിലവാരമില്ലാത്ത വിവിധതരം ട്രാൻസ്ഫോർമറുകൾ വാങ്ങിക്കൂട്ടുകയാണെന്ന വാർത്തയുടെ നിജസ്ഥിതി പരിശോധിച്ചിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ വിവിധ സ്റ്റോറുകളിൽ കെട്ടികിടക്കുന്ന പുതിയ ട്രാൻസ്ഫോർമറുകളുടെ എണ്ണവും അവയുടെ വിലയും ജില്ലാ അടിസ്ഥാനത്തിൽ ഇനംതിരിച്ച് സ്റ്റോറുകളുടെ പേരു സഹിതം വിശദമാക്കുമോ? | (ഇ) | ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകൾ കമ്പനിയിൽ നിന്നും നേരിട്ട് ടി.എം.ആർ.സ്റ്റോറുകളിൽ എത്തിക്കുന്നു. പ്രസ്തുത ട്രാൻസ്ഫോർമറുകൾ ആവശ്യാനുസരണം വിവിധ ഓഫീസുകളിൽ വിതരണം ചെയ്തുവരുന്നു. പവർ ട്രാൻസ്ഫോർമറുകൾ ആവശ്യാനുസരണം സബ്സ്റ്റേഷനുകളിൽ കമ്പനികൾ നേരിട്ട് നല്കുകയാണ് ചെയ്യുന്നത്. പ്രസ്തുത രീതിയിൽ ട്രാൻസ്ഫോർമർ വാങ്ങുന്നതിനാൽ ഇവ കെട്ടിക്കിടക്കാറില്ല. |

സെക്ഷൻ ഓഫീസർ